## പരിഷ്കരിക്കാവുന്ന ആശ്രിത നിയമനത്തിന്റെ പൊതു വ്യവസ്ഥകൾ

സർവീസിലിരുന്ന് മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ആശ്രിത നിയമനത്തിനോ/ സമാശ്വാസ ധനത്തിനോ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

### I. സമാശ്വാസ ധനം

- സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാരുടെ അർഹരായ, 13 വയസ് പൂർത്തിയായതോ അതിന് മുകളിലോ പ്രായമുള്ളവരോ ആയ ആശ്രിതർക്ക് മാത്രമാണ്, ആശ്രിത നിയമനത്തിന് അപേക്ഷിക്കുവാൻ അർഹതയുള്ളത്.
- 13 വയസ്സിൽ താഴെയുള്ള ആശ്രിതരുണ്ടെങ്കിൽ അവർക്ക് സമാശ്വാസ ധനത്തിന് മാത്രമേ അപേക്ഷിക്കാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ.
- ആശ്രിത നിയമനത്തിന് താല്പര്യമില്ലാത്ത പക്ഷം അർഹരായ ആശ്രിതർക്ക് സമാശ്വാസ ധനത്തിന് അപേക്ഷിക്കുവാൻ അർഹതയുണ്ടായിരിക്കും.
- സമാശ്വാസ ധനമായി അനുവദിക്കുന്ന തുക, പൊതു വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച പൊതു ഉത്തരവ് പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

### II. ആശ്രിത നിയമന രീതി/അപേക്ഷ സമർപ്പിക്കുന്നത്

- മരണമടഞ്ഞ ജീവനക്കാർ അവസാനം സേവനമനുഷ്ഠിച്ച ഓഫീസ് മേലധികാരിക്കാണ് ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കേണ്ടത്.
- അപ്രകാരം ലഭ്യമാകുന്ന അപേക്ഷ ഓഫീസ് മേലധികാരി കൃത്യമായി പരിശോധിച്ച് ന്യൂനതകൾ ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നിർദ്ദേശം 5 ദിവസത്തിനകം അപേക്ഷകർക്ക് നൽകേണ്ടതാണ്.
- ഇപ്രകാരം ന്യൂനത പരിഹരിച്ച് ലഭിക്കുന്ന അപേക്ഷ 10 ദിവസത്തിനകം വകുപ്പ് മേധാവിക്ക് കൈമാറേണ്ടതും വകുപ്പ് മേധാവി ടി അപേക്ഷ സൂക്ഷ്മമായി പരിശോധിച്ച് 15 ദിവസത്തിനകം സർക്കാരിൽ ലഭ്യമാക്കേണ്ടതുമാണ്.
- അപേക്ഷ സ്വീകരിച്ച തീയതി/ ന്യൂനത പരിഹരിച്ച് വകുപ്പിൽ ലഭ്യമായ തീയതി Appendix C, D എന്നിവയിൽ കൃത്യമായി രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.
- അതാത് ഭരണ വകുപ്പുകളിൽ ലഭ്യമാകുന്ന അപേക്ഷ തുടർനടപടി സ്വീകരിച്ച്/അർഹത നിശ്ചയിച്ച് നിശ്ചിത പ്രൊഫോർമയിൽ പൊതുഭരണ (സി.ഇ. സെൽ/സർവീസസ് ഡി) വകുപ്പിന് നൽകേണ്ടതാണ്.
- ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ചുകൊണ്ട് പൊതുഭരണ (സി.ഇ. സെൽ/സർവീസസ് ഡി) വകുപ്പ് വാലിഡ് അപ്ലിക്കേഷൻ തീയതിയുടെ അടിസ്ഥാനത്തിൽ

അപ്ഡേറ്റ് ചെയ്ത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതും വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതുമാണ്.

- ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും സീനിയോറിറ്റി ക്രമത്തിൽ അത് അനുവദിച്ചുനൽകുന്നതിനുമായി പൊതുഭരണ (സി.ഇ. സെൽ/സർവീസസ്-ഡി) വകുപ്പ് ഒരു ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കേണ്ടതും സീനിയോറിറ്റി ക്രമത്തിൽ ഒഴിവുകൾ അനുവദിച്ചു നൽകേണ്ടതുമാണ്.
- സർവീസിലിരിക്കെ മരണമടഞ്ഞ ജീവനക്കാർ സേവനമനുഷ്ഠിച്ചിരുന്ന വകുപ്പുകളുടെ സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ് പൊതുഭരണ (സി.ഇ. സെൽ/സർവീസസ് ഡി) വകുപ്പ് അനുവദിച്ചു നൽകുന്ന ഒഴിവുകൾക്ക് അനുസൃതമായി നിയമന അനുമതി നൽകേണ്ടത്.

## III. വാലിഡ് അപ്ലിക്കേഷൻ തീയതി നിശ്ചയിക്കുന്ന വിധം

- പൊതുഭരണ (സി.ഇ. സെൽ/സർവീസസ് ഡി) വകുപ്പ് മുഖേനയുള്ള ഒരു ഏകീകൃത സംവിധാനത്തിലൂടെയാണ് ആശ്രിത നിയമനത്തിനായി ഒഴിവുകൾ അനുവദിച്ച് നൽകുന്നത്. ന്യൂനതകൾ പരിഹരിച്ച് അപേക്ഷ സമർപ്പിക്കുന്ന തീയതിയാണ് വാലിഡ് അപ്ലിക്കേഷൻ തീയതിയായി പരിഗണിക്കുന്നത്.
- പൊതുഭരണ (സി.ഇ. സെൽ/സർവീസസ്-ഡി) വകുപ്പ് തയ്യാറാക്കുന്ന ഓരോ സീനിയോറിറ്റി ലിസ്റ്റിന്റെയും സീനിയോറിറ്റി ക്രമം അന്തിമമല്ല. അതാതു ഭരണ വകുപ്പുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷയിൽ വാലിഡ് അപ്ലിക്കേഷൻ തീയതി അനുസരിച്ച് സീനിയോറിറ്റി ക്രമത്തിൽ മാറ്റം വരാവുന്നതാണ്.
- ഒരേ വാലിഡ് അപ്ലിക്കേഷൻ തീയതിയിലുള്ള ഒന്നിലധികം അപേക്ഷകൾ ഒരേ ദിവസം ലഭിക്കുന്നുവെങ്കിൽ ജനന തീയതി അടിസ്ഥാനമാക്കി സീനിയോറിറ്റി നിശ്ചയിക്കേണ്ടതാണ്.
- വിവിധ വകുപ്പുകളിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പൊതുഭരണ (സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പിൽ ആശ്രിത നിയമനത്തിനുള്ള സീനിയോറിറ്റി ലിസ്റ്റ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.
- ഓരോ തസ്തികയ്ക്കും പ്രത്യേകം പ്രത്യേകം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ഒരു സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ജോലി ലഭിച്ചു കഴിഞ്ഞ അപേക്ഷകർ മറ്റ് സീനിയോറിറ്റി ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ, ടി ലിസ്റ്റുകളിൽ നിന്നും ഒഴിവാക്കേണ്ടതാണ്. ഓരോ കാറ്റഗറിയിലും സീനിയറായ അപേക്ഷകർക്ക് ജോലി ലഭിച്ചതിന് ശേഷമേ ജൂനിയറായ അപേക്ഷകർക്ക് ലഭിക്കുന്നുള്ളു എന്ന് പൊതുഭരണ (സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പ് ഉറപ്പാക്കേണ്ടതാണ്.

## IV. മുൻഗണന

- 50 വയസ് കഴിഞ്ഞിട്ടുള്ള ആശ്രിതരുടെ സീനിയോറിറ്റി ക്രമത്തിൽ ഒരു പ്രയോറിറ്റി ലിസ്റ്റ് (വാലിഡ് അപ്ലിക്കേഷൻ അടിസ്ഥാനമാക്കി) പൊതുഭരണ (സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പ് തയ്യാറാക്കേണ്ടതാണ്. ഇപ്രകാരം പ്രയോറിറ്റി ലിസ്റ്റ് തയ്യാറാക്കുമ്പോൾ ഇവരെ മെയിൻ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും നീക്കം ചെയ്യേണ്ടതില്ല. പ്രയോറിറ്റി ലിസ്റ്റിൽ

ഉൾപ്പെടുത്തിയെന്നതുകൊണ്ട് മെയിൻ ലിസ്റ്റിലെ ക്രമമനുസരിച്ചുള്ള നിയമനം തടസ്സപ്പെടുന്നില്ല. മെയിൻ ലിസ്റ്റിൽ നിയമനം ലഭിച്ചാൽ പ്രയോറിറ്റി ലിസ്റ്റിൽ നിന്നും, പ്രയോറിറ്റി ലിസ്റ്റിൽ നിയമനം ലഭിച്ചാൽ മെയിൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

- ആശ്രിത നിയമനത്തിനായുള്ള ഒഴിവുകളുടെ ഓരോ പത്താമത്തെ ഊഴവും പ്രയോറിറ്റി ലിസ്റ്റിൽ ഉള്ളവർക്കായി മാറ്റിവെയ്ക്കേണ്ടതാണ്. പ്രയോറിറ്റി ലിസ്റ്റിൽ അപേക്ഷകരില്ല എങ്കിൽ ഒഴിവ് മെയിൻ ലിസ്റ്റിൽ നിന്നും നികത്താവുന്നതാണ്.

## V. അപേക്ഷിക്കാനുള്ള സമയപരിധി

- സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനുള്ള അപേക്ഷ ജീവനക്കാർ മരണമടഞ്ഞ് 3 വർഷത്തിനകവും, അപേക്ഷകർ മൈനർ ആണെങ്കിൽ മേജർ ആയി മൂന്ന് വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കേണ്ടതാണ്.
- യാതൊരു കാരണവശാലും അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം മാപ്പാക്കുന്നതല്ല.
- നിർദ്ദിഷ്ട സമയപരിധിക്കകം അപേക്ഷ സമർപ്പിക്കാത്തവർക്ക് സമാശ്വാസ ധനത്തിന് മാത്രമേ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
- അപേക്ഷ സമർപ്പിക്കുന്നതിന് അനുവദനീയമായ സമയപരിധിക്കുള്ളിൽ ആർജ്ജിക്കുന്ന യോഗ്യത മാത്രമേ നിയമനത്തിനായി പരിഗണിക്കുകയുള്ളൂ.

## VI. കുടുംബ വരുമാനം

- സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന വരുമാന പരിധിയിൽ (നിലവിൽ പരമാവധി 8 ലക്ഷം) ഉള്ളവർക്ക് മാത്രമേ ആശ്രിത നിയമനം/ സമാശ്വാസ ധനം എന്നിവക്ക് അപേക്ഷിക്കാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.
- സർവീസിലിരുന്ന ജീവനക്കാർ മരണമടഞ്ഞ് കൃത്യം ഒരു വർഷത്തിനുള്ളിൽ ടിയാളുടെ കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരിയിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ടി കാലയളവിൽ സമാശ്വാസ തൊഴിൽ ദാന പദ്ധതിക്ക് ബാധകമാക്കിയിട്ടുള്ള ഉത്തരവിൽ നിഷ്കർഷിക്കുന്ന വരുമാന പരിധി ആയിരിക്കും സമാശ്വാസ ധനത്തിനുള്ള/ആശ്രിത നിയമനത്തിനുള്ള അർഹത നിശ്ചയിക്കുന്നത്.
- നിർദിഷ്ട കാലയളവിന് ശേഷമുള്ള വരുമാന സർട്ടിഫിക്കറ്റ് യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

## VII. ആശ്രിത നിയമനത്തിനായുള്ള തസ്തികകൾ

- എല്ലാ വകുപ്പുകളിലേയും നേരിട്ടുള്ള നിയമനം വ്യവസ്ഥ ചെയ്തിട്ടുള്ള ക്ലാസ് III, IV, സാങ്കേതിക വിഭാഗം, യൂണിഫോം തസ്തിക ഉൾപ്പെടെയുള്ള എൻട്രി കേഡർ തസ്തികകളുടെയും നിശ്ചിത ശതമാനം ആശ്രിത നിയമനത്തിനായി മാറ്റിവെയ്ക്കേണ്ടതാണ്.
- ഇപ്രകാരം ആശ്രിത നിയമനത്തിനായി മാറ്റിവെയ്ക്കേണ്ട തസ്തികകൾ ഏതെല്ലാമാണ് എന്ന് കണ്ടെത്തി, പൊതുഭരണ(സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്.

- ആശ്രിത നിയമനത്തിനായി കണ്ടെത്തിയിട്ടുള്ള തസ്തികകളുടെ ജില്ല തിരിച്ചും സംസ്ഥാനതലത്തിലുമുള്ള ഓരോ 16-ാമത്തെ ഒഴിവും ആശ്രിത നിയമനത്തിനായി പൊതുഭരണ(സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പിൽ ഓരോ വകുപ്പും ഓൺലൈൻ സംവിധാനം മുഖേന റിപ്പോർട്ട് ചെയ്യേണ്ടതാണ്.
- ആശ്രിത നിയമനത്തിനായി തസ്തികകൾ കണ്ടെത്തുമ്പോൾ ഹെഡ്ക്വാർട്ടേഴ്സ് ഒഴിവുകൾ പരിഗണിക്കേണ്ടതില്ല.
- 24.05.1999 ലെ G.O.(P) No.12/99/P&ARD നമ്പർ ഉത്തരവിലെ ഖണ്ഡിക 34 ൽ പരാമർച്ചിട്ടുള്ള തസ്തികകൾ(എൽ.ഡി.ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്, ഓഫീസ് അറ്റൻഡന്റ്)/ സാങ്കേതിക വിഭാഗം ഉൾപ്പെടെയുള്ള പുതുതായി പദ്ധതിയിൽ ഉൾപ്പെടുത്തുന്ന തസ്തികകൾ ഒഴികെയുള്ള തസ്തികകളിൽ നിയമനാനുമതി ലഭിച്ച ശേഷം നിലവിലുള്ളതോ അടുത്തുണ്ടാകുന്നതോ ആയ ഒഴിവിൽ അതാത് വകുപ്പിൽ നിയമനം നൽകുന്ന രീതി തുടരാവുന്നതാണ്.
- Uniform തസ്തികകളുടെ വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകളുടെ 10% ആശ്രിത നിയമനത്തിനായി മാറ്റിവയ്ക്കുന്ന നിലവിലെ രീതി തുടരുന്നതാണ്.
- അപേക്ഷകർക്ക് ആശ്രിത നിയമനത്തിനായി പരമാവധി 5 തസ്തികകൾ വരെ തിരഞ്ഞെടുക്കാവുന്നതാണ്. ആശ്രിതനിയമനത്തിന് അപേക്ഷിക്കാനുള്ള കാലാവധിക്ക് ശേഷം യാതൊരു കാരണവശാലും ഓപ്ഷൻ മാറ്റുവാൻ അവസരമുണ്ടായിരിക്കുകയില്ല.
- തങ്ങളുടെ ഊഴത്തിന് അനുസൃതമായി ഇവയിൽ ഏത് തസ്തികയിൽ നിയനം ലഭിച്ചാലും ആ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്. മറ്റ് തസ്തികകളിൽ പിന്നീട് നിയമനം ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

## VIII. നിയമനാനുമതി ഉത്തരവ് ലഭിച്ചിട്ടും നിയമനം ലഭിക്കാത്ത അപേക്ഷകർക്കും നിലവിൽ അപേക്ഷ സമർപ്പിച്ച് നിയമനം കാത്തിരിക്കുന്നവർക്കും

- നിലവിൽ പൊതുഭരണ (സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ ഉണ്ടെങ്കിൽ വാലിഡ് അപേക്ഷ കണക്കാക്കി, നിയമനം കാത്തിരിക്കുന്നവർക്ക് പൊതുഭരണ (സി.ഇ.സെൽ/സർവീസസ്-ഡി) വകുപ്പ് ഒരു അദാലത്ത് നടത്തി താത്പര്യമുള്ള അപേക്ഷകർക്ക് ടി ഒഴിവുകളിലേക്ക് നിയമനം നൽകാവുന്നതാണ്.
- അദാലത്തിന് ശേഷവും നിയമനം ലഭിക്കാത്ത അപേക്ഷകരെ പുതുതായി നിലവിൽ വരുന്ന പദ്ധതിയിലേക്ക് ഉൾപ്പെടുത്താവുന്നതാണ്.
- ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ച് ഇതുവരെ നിയമനം ലഭിക്കാത്തവർക്ക് ഒറ്റതവണയായി അവരുടെ നിലവിലുള്ള വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതവും അർഹവുമായ തസ്തികകൾ ഉണ്ടെങ്കിൽ അവകൂടി നിയമനം നൽകുന്നതിന് പരിഗണിക്കുന്നതാണ്.

## IX. പ്രാബല്യം

ഈ വ്യവസ്ഥകൾക്ക് ഉത്തരവ് തീയതി മുതൽ പ്രാബല്യം നൽകാവുന്നതാണ്.